# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. **6726**

04/04/2018-ൽ
മറുപടിയ്ക്ക്

## <u>സർക്കാർ കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകൾ</u>

**ചോദ്യം**

**മറുപടി**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ അദ്ധ്യാപക തസ്തികകൾ, പ്രിൻസിപ്പൽ തസ്തികകൾ, കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിൽ ഡെപ്യൂട്ടി ഡയറക്ടർമാർ, അഡീഷണൽ ഡയറക്ടർ എന്നിവരുടെ എത്ര തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു; അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ 333 അദ്ധ്യാപക തസ്തികകൾ, 3 പ്രിൻസിപ്പൽ തസ്തികകൾ, കോളേജിയേറ്റ് വിദ്യാഭ്യാസ വകുപ്പിൽ 2 ഡെപ്യൂട്ടി ഡയറക്ടർമാർ, 1 അഡീഷണൽ ഡയറക്ടർ എന്നിവരുടെ തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു. |
| (ബി) | എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള അദ്ധ്യാപക, പ്രിൻസിപ്പൽ തസ്തികകളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ബി) | എയ്ഡഡ് കോളേജുകളിൽ നിലവിൽ 8840 അദ്ധ്യാപക തസ്തികകളും 180 പ്രിൻസിപ്പൽ തസ്തികകളും ഉണ്ട്. |
| (സി) | ഒഴിവുള്ള തസ്തികകളിലേക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | സർക്കാർ കോളേജുകളിൽ ഒഴിവുള്ള അദ്ധ്യാപക തസ്തികകളിൽ പി.എസ്.സി - യിൽ നിന്ന് നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന ഉത്തരവ് ഉദ്യോഗാർത്ഥികൾക്ക് നൽകുന്നതാണ്. അഡീഷണൽ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, പ്രിൻസിപ്പാൾ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**